5. ഇ-പേയ്മെന്റ്

ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ വിതരണക്കാർക്ക് നൽകേണ്ടതുക അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നിക്ഷേപിക്കപ്പെടുന്നു. ഇത് പേയ്മെന്റ് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതോടൊപ്പം ഡിമാന്റ് ഡ്രാഫ്റ്റ്വഴി നൽകുന്നതിലുള്ള നഷ്ടവും ഇല്ലാതാകുന്നു. ഇ-പേയ്മെന്റും ഡിജിറ്റൽ സിഗ്നേച്ചർ സംവിധാനവും ബിനാമി വിതരണക്കാരെ പൂർണ്ണമായും ഒഴിവാക്കുന്നതിന് സഹായിക്കുന്നു.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

രണ്ട് രൂപ നിരക്കിൽ റേഷൻ അരിയും ഗോതമ്പും നൽകുന്ന പദ്ധതി

17 (*16) ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. ബാബു. എം. പാലിശ്ശേരി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടുരൂപാ നിരക്കിൽ റേഷൻ അരിയും ഗോതമ്പും നൽകുന്ന പദ്ധതിയുടെ പ്രയോജനം നിലവിൽ എത്ര കുടുംബങ്ങൾക്ക് ലഭിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ബി.പി.എൽ. കുടുംബങ്ങൾക്കുപുറമേ ഏതെല്ലാം വിഭാഗങ്ങൾക്കാണ് ഇപ്പോൾ രണ്ടു രൂപ നിരക്കിൽ അരി നൽകുന്നത് ;

(സി) പുതുതായി ഏതെങ്കിലും വിഭാഗങ്ങളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) മൂന്നുരൂപ നിരക്കിൽ ബി.പി.എൽ. വിഭാഗത്തിന് അരി വിതരണം ചെയ്യുമെന്ന കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ;

(ഇ) കുറഞ്ഞനിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് സർക്കാരിന് എത്ര കോടി രൂപ ചെലവ് വരുമെന്ന് വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) സംസ്ഥാനത്ത് 40 ലക്ഷം കുടുംബങ്ങൾക്ക് 2 രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട 1460127 കുടുംബങ്ങൾക്കും എ.എ.വൈ. വിഭാഗത്തിൽപ്പെട്ട 592627 കുടുംബങ്ങൾക്കും എ.പി.എൽ. വിഭാഗത്തിൽപ്പെട്ട 715213 കുടുംബങ്ങൾക്കും ഉൾപ്പെടെ 2767967 കുടുംബങ്ങൾക്ക് 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ ഇപ്പോൾ നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബി. പി. എൽ./എ. എ. വൈ. വിഭാഗത്തിൽപ്പെട്ട മുഴുവൻ കാർഡുടമകൾക്കും, പുറമെ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട താഴെപ്പറയുന്ന വിഭാഗങ്ങൾക്കും ഈ പദ്ധതിപ്രകാരം കിലോഗ്രാമിന് 2 രൂപാ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതാണ്.

1. പട്ടികജാതി
2. പട്ടികവർഗ്ഗ
3. മത്സ്യത്തൊഴിലാളി
4. ആശ്രയപദ്ധതിയിൽ ഉൾപ്പെട്ടവർ
5. കയർത്തൊഴിലാളി
6. കശുവണ്ടിത്തൊഴിലാളി
7. കർഷകത്തൊഴിലാളി
8. ഖാദിത്തൊഴിലാളി
9. കൈത്തറിത്തൊഴിലാളി
10. പനമ്പ് തൊഴിലാളി
11. ഈറ്റത്തൊഴിലാളി
12. തോട്ടം തൊഴിലാളി
13. ബീഡിത്തൊഴിലാളി
14. തഴപ്പായ നിർമ്മാണത്തൊഴിലാളി
15. മൺപാത്ര നിർമ്മാണത്തൊഴിലാളി
16. തൊഴിലുറപ്പു പദ്ധതിയിൽ കുറഞ്ഞത് 50 ദിവസമെങ്കിലും പണിയെടുത്തിട്ടുള്ളവർ
17. പരമ്പരാഗത ആഭരണ നിർമ്മാണത്തൊഴിലാളി
18. ഓട്ടു കമ്പനിതൊഴിലാളി
19. ഓട്ടോ മൊബൈൽ റിപ്പയറിംഗ് തൊഴിലാളി
20. സ്കൂൾ ശുചീകരണ/പാചക തൊഴിലാളി
21. ഭാഗ്യക്കുറി മേഖലയിലെ തൊഴിലാളി
22. ഓട്ടോറിക്ഷാ തൊഴിലാളി
23. തൊഴിലാളി വിഭാഗത്തിൽപ്പെട്ട ഇ.പി.എഫ്. പെൻഷൻകാർ
24. നിർമ്മാണ തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

25. കള്ളുവ്യവസായ തൊഴിലാളി

26. വികലാംഗർ

27. പെട്രോൾ ബങ്കിൽ പണിയെടുക്കുന്നവർ

28. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത കൃഷിനിലം ഇല്ലാത്ത നിർമ്മാണത്തൊഴിലാളി, ചുമട്ടുതൊഴിലാളി

29. മോട്ടോർ തൊഴിലാളി

30. കരകൗശലരംഗത്തെ തൊഴിലാളി

31. കശുവണ്ടി തോട്ടം തൊഴിലാളി

32. തയ്യൽ തൊഴിലാളി

33. സർക്കാരിതര ഖാദി ജീവനക്കാർ

34. ക്ഷീര കർഷകർ

35. പെയിന്റിംഗ് തൊഴിലാളി

36. വൃദ്ധജനങ്ങൾ

37. പേപ്പർ വ്യവസായം (കൈത്തൊഴിൽ)

38. മദ്രസ അദ്ധ്യാപകർ

39. ഗാർഹിക തൊഴിലാളി

40. അഭയയിലെ അന്തേവാസികൾ

41. വിവാഹബന്ധം വേർപിരിഞ്ഞ് ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീകൾക്കും, അവരുടെ മക്കൾക്കും

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) രണ്ടുരൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുന്നതിന് 2009-10 വർഷത്തിൽ 195.95 കോടി രൂപ ചെലവഴിച്ചിരുന്നു. 2010-11 വർഷത്തിൽ നാളിതുവരെ 245 കോടി രൂപ അനുവദിച്ചതിൽ 230.41 കോടി രൂപ സബ്സിഡിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

17 (*18) ശ്രീ. കെ. അജിത് :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly